<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575</u> <u>04-03-2025 - ൽ മറുപടിയ്ക്ക്</u>

<u>എടരിക്കോട് സ്പിന്നിംഗ് മിൽ, കെ.ഇ.എൽ. യൂണിറ്റ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസ്, കെ.ഇ.എൽ. യൂണിറ്റുകൾ ലാഭകരമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | <u>**എടരിക്കോട് ടെക്സ്റ്റൈൽസ്**</u><br><br>എടരിക്കോട് ടെക്സ്റ്റൈൽസ് പ്രവർത്തന മൂലധന ശോഷണത്താൽ, 18.12.2023 തീയതി മുതൽ ലേ ഓഫിലാണ്. മിൽ തുറന്നു പ്രവത്തിപ്പിക്കാൻ ജോബ് വർക്ക് കൺവർഷൻ രീതി പരിഗണിച്ചെങ്കിലും ഉയർന്ന ഉൽപാദന ചെലവ് കാരണം അതിന് സാധിക്കാത്ത സാഹചര്യത്തിൽ ഓപ്പൺ എൻഡ് മെഷീൻ സ്ഥാപിച്ച് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. അതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിനു കീഴിലെ ലേ ഓഫിലായ എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ഒരു സംയുക്ത പ്രൊപ്പോസൽ കെ.എസ്.ടി.സി സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.02.2025ന് കോട്ടയം, എടരിക്കോട് എന്നീ മില്ലുകളിലെ അംഗീകൃത ട്രേഡ് യൂണിയൻ ഭാരവാഹികളുമായി ചർച്ച നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ശിപാർശകളിന്മേൽ ട്രേഡ് യൂണിയനുകൾ അഭിപ്രായ സമന്വയമുണ്ടാക്കി.<br><br>ഓപ്പൺ എൻഡ് രീതി നടപ്പാക്കി പ്രവത്തനം പുനരാരംഭിക്കുന്നതോടു കൂടി മില്ലിന്റെ പ്രതിമാസ നഷ്ടം 50 ലക്ഷം രൂപയിൽ നിന്നും Breakeven ലേക്ക് എത്തിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.<br><br><u>**കെ.ഇ.എൽ**</u><br><br>കെല്ലിന്റെ എടരിക്കോട് യൂണിറ്റിൽ 8.5 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറുകളുടെ ഉല്പാദനം 2016 ൽ ആരംഭിച്ചിരുന്നു. ട്രാൻസ്ഫോർമറുകളുടെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചെലവേറിയ vaccum pressure സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയാണ് കോയിലുകൾ റെസിൻ ചെയ്യുന്നത്. ഈ മേഖലയിൽ സ്വകാര്യ ഉല്പാദകരിൽ നിന്ന് കടുത്ത വെല്ലുവിളികളാണ് നേരിടുന്നത്. ഗുണനിലവാരം ബലികഴിച്ച് അപരിഷ്കൃത രീതിയിൽ ചെലവു ചുരുക്കി ട്രാൻസ്ഫോർമറുകൾ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളുമായി വിപണിയിൽ മത്സരിക്കാൻ പൊതുമേഖലാ സ്ഥാപനമായ കെല്ലിന് സാധിക്കുന്നില്ല. ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് ഉല്പാദന ചെലവ് ചുരുക്കികൊണ്ട് ഈ മേഖലയിൽ കൂടുതൽ ഓർഡറുകൾ നേടുവാനുള്ള തീവ്രശ്രമങ്ങൾ നടന്നുവരികയാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ നേരിയ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. അതുപ്രകാരം 2021-22 ലെ 5.92 കോടി രൂപ വിറ്റുവരവിൽ നിന്നും 2022-23ൽ 9 കോടി രൂപയായും 2023-24 ൽ 11.64 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്.<br><br>കെ.ഇ.എൽ എടരിക്കോട് യൂണിറ്റിന്റെ കൈവശമുള്ള സ്ഥലത്ത് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ അനർട്ടുമായി ബന്ധപ്പെട്ട് പരിശോധിച്ചിരുന്നു. കൂടാതെ വടക്കൻ കേരളത്തിലെ ട്രാൻസ്ഫോർമറുകളുടെ റിപ്പയർ ഹബ് ആക്കി ഈ യൂണിറ്റിനെ മാറ്റുവാനുള്ള ഒരു പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഇതിലൂടെ ബാക്കിയുള്ള സ്ഥലം പൂർണമായും പ്രയോജനപ്പെടുത്തുവാൻ സാധിക്കും<br><br>കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറുകളുടെ ഉല്പാദന മേഖലയിലെ വിദഗ്ധരുമായി ആലോചിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതിനോടൊപ്പം കെ.എസ്.ഇ.ബിക്ക് ഭാവിയിൽ ആവശ്യകത വരുന്നതുമായ ലോ ടെൻഷൻ ഡിസ്ട്രിബ്യൂഷൻ ബോർഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ മെഷിനറികൾ സ്ഥാപിക്കുന്നതിന് കെൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സജ്ജമാകുന്ന മുറയ്ക്ക് വിറ്റുവരവ് വർദ്ധിക്കുമെന്നും യൂണിറ്റ് ലാഭകരമാകുമെന്നും പ്രതീക്ഷിക്കുന്നു. നിലവിൽ സാങ്കേതിക പരിജ്ഞാനം ഉള്ള ജീവനക്കാർ വളരെ കുറവാണ്. ഇത് പരിഹരിക്കുവാൻ അൺസ്കിൽഡ് വർക്കർമാർക്ക് ട്രാൻസ്ഫോർമർ പ്രൊഡക്ഷൻ/ റിപ്പയറിൽ ട്രെയിനിംഗ് നൽകി അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി വരികയാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 07.02.2025 ലെ സ.ഉ(സാധാ)നം.121/2025/വ്യവ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലെ മില്ലുകളുടെ സ്റ്റാറ്റ്യൂട്ടറി |

| | | | | |
|---|---|---|---|---|
| | | | | കുടിശിക നൽകുന്നതിനായി 300 ലക്ഷം രൂപ റിലീസ് ചെയ്തതിൽ 118.49 ലക്ഷം രൂപ എടരിക്കോട് ടെക്സ്റ്റൈൽസിനായും വകയിരുത്തിട്ടുണ്ട്. കെ.എസ്.ടി.സിയുടെ 53.69 കോടി രൂപയുടെ കെ.എസ്.ഇ.ബി കുടിശിക എഴുതിത്തള്ളിയതിൽ എടരിക്കോട് ടെക്സ്റ്റൈൽസിന്റെ ബാധ്യതയും ഉൾപ്പെടുന്നു. കെ.എസ്.ടി.സി യ്ക്ക് പ്രവത്തന മൂലധനമായി റിലീസ് ചെയ്ത 300 ലക്ഷം രൂപയിൽ നിന്നും എടരിക്കോട് ടെക്സ്റ്റൈൽസിനും തുക ലഭ്യമാക്കിയിട്ടുണ്ട്.<br><br>10.01.2025 ലെ സ.ഉ(സാധാ)നം.28/2025/ വ്യവ ഉത്തരവ് പ്രകാരം കെ.ഇ.എൽ ന്റെ സ്റ്റാറ്റ്യൂട്ടറി കുടിശിക നൽകുന്നതിനായി 2.30 കോടി വകയിരുത്തിയതിൽ കെ.ഇ.എൽ എടരിക്കോട് യൂണിറ്റിനും ആനുപാതിക വിഹിതം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ